ഗവ: യു.പി.സ്കൂൾ  അമരമ്പലം സൗത്ത്

# അക്കാഡമിക

# മാസ്റ്റർപ്ലാൻ

# 2025-26

# ഉള്ളടക്കം


- അടിസ്ഥാന വിവരങ്ങൾ
- ആമുഖം
- ലക്ഷ്യങ്ങൾ
- എൽ .പി തലം
- യു .പി തലം

# ഗവ. യു .പി.സ്കൂൾ  അമരമ്പലം സൗത്ത്

## അടിസ്ഥാന വിവരങ്ങൾ

വിലാസം : അമരമ്പലം സൗത്ത് , അമരമ്പലം സൗത്ത് പി.ഒ

മലപ്പുറം

ഫോൺ : 04931260028

ഇ മെയിൽ :gupsamarambalamsouth@gmail.com

സ്കൂൾ കോഡ് : 48452

വിദ്യാഭ്യാസ ഉപജില്ല :നിലമ്പൂർ

വിദ്യാഭ്യാസ ജില്ല :വണ്ടൂർ

റവന്യൂ ജില്ല : മലപ്പുറം

ബി ആർ സി : നിലമ്പൂർ

സി ആർ സി : അമരമ്പലം

ഗ്രാമ പഞ്ചായത്ത് : അമരമ്പലം

ബ്ലോക്ക് പഞ്ചായത്ത് : കാളികാവ്

താലൂക്ക്: നിലമ്പൂർ

വില്ലേജ് : അമരമ്പലം

# ആമുഖം

1955ൽ പ്രവർത്തനം ആരംഭിച്ച GUPS അമരമ്പലം സൗത്ത് അക്കാദമിക അക്കാദമികേതര പ്രവർത്തനങ്ങളിൽ മികച്ചു നിൽക്കുന്നു. പ്രീ പ്രൈമറി മുതൽ ഏഴാം ക്ലാസ്സ് വരെ 399 കുട്ടികൾ പഠിക്കുന്നു.

18 അധ്യാപകരും 3 അനധ്യാപകരും ജോലി ചെയ്യുന്നു . ഒന്നാം ക്ലാസ്സു മുതൽ ഇംഗ്ലീഷ് മീഡിയം ബാച്ച് അടക്കം 16 ക്ലാസുകൾ നിലവിലുണ്ട്.

## ലക്ഷ്യങ്ങൾ

- മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തി പിടിച്ചു ഗ്രാമീണ അന്തരീക്ഷത്തിൽ തികച്ചും സൗജന്യമായ വിദ്യാഭ്യാസം എല്ലാ ജനവിഭാഗങ്ങൾക്കും ഉറപ്പു വരുത്തുക

- അക്കാഡമിക് മികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘ കാല പരിപ്രേക്ഷ്യത്തോടെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുക

- എൽ .കെ. ജി മുതൽ ഏഴാം ക്ലാസ്സുവരെ ഓരോ ക്ലാസ് അടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പാഠ്യ പദ്ധതിക്കും അനുസ്യൂതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകികൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയബന്ധിതമായി അവ നടപ്പാക്കാനുതകുന്ന പ്രവർത്തന കലണ്ടറും രൂപപ്പെടുത്തൽ.

- ലോകത്തു എവിടെയും സമാനപ്രായമുള്ള കുട്ടികൾ ആർജിച്ചതിനേക്കാൾ മികവാർന്ന ശേഷികളും ധാരണകളും നേടുന്നതിന് ഓരോ ക്ലാസിലെയും കുട്ടികളെ പ്രാപ്തരാക്കുക .

## മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

- ഭാഷാശേഷി വികസനം
- ഗണിതശേഷി വികസനം
- ഇംഗ്ലീഷ് പഠന പരിപോക്ഷണം
- ശാസ്ത്രപോഷണ പരിപാടി
- വായന പരിപോക്ഷണം
- പഠന യാത്രകൾ
- കലാ -കായികമേള
- ഐ .ടി പരിശീലനം
- പച്ചക്കറി തോട്ടം
- ശാസ്ത്രാഭിരുചി വളർത്തൽ
- പോഷകാഹാര പരിപാടി
- കായിക പഠനം
- സ്കൂൾ റേഡിയോ
- വിജയ സ്പർശം

# അക്കാദമിക് മാസ്റ്റർപ്ലാൻ

## ക്ലാസ് 1

GUPS AMARAMBALAM
South

## ആമുഖം

ഒന്നാം ക്ലാസിലെ കുട്ടികളുടെ സമഗ്ര വികസനമാണ് രക്ഷിതാവും അധ്യാപകരും ലക്ഷ്യം വയ്ക്കുന്നത്. എഴുത്ത് വായന വിവിധ വ്യവഹാര രൂപങ്ങൾ സ്വതന്ത്രമായ പ്രതികരണങ്ങൾ ശില്പശാല സംയുക്ത ഡയറി സചിത്ര പുസ്തകം സ്വതന്ത്ര രചനകൾ എന്നിങ്ങനെ വിവിധ മേഖലകൾ കുട്ടി കൈവരിക്കേണ്ടത് ആയിട്ടുണ്ട്. അക്കാദമിക നേട്ടങ്ങൾ കൈവരിക്കുന്നതിനോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാൻ ആവശ്യമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്. അക്കാദമിക മാസ്റ്റർ പ്ലാൻ വഴി ഭാഷയിലെ വിവിധതരം പ്രവർത്തനങ്ങൾ കുട്ടി സ്വയം സായത്തമാക്കണം എന്നത് മുൻകൂട്ടി ഓരോ മാസവും വിവിധ പ്രവർത്തനഘട്ടത്തിലൂടെ കുട്ടിയും രക്ഷിതാവും അധ്യാപികയും ഇറങ്ങിച്ചെല്ലുന്നു. സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. ഈ അധ്യയന വർഷത്തിൽ കുട്ടി രക്ഷിതാവ് അധ്യാപകർ ഗസ്റ്റ് സഹായികൾ ഉൾപ്പെട്ടുകൊണ്ട് ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും തുടർ പ്രവർത്തന സാധ്യതയുള്ളതുമായ വിവിധ പദ്ധതികൾ വിലയിരുത്തലിന് സാധ്യത ഒരുക്കി കൊണ്ടാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്.

## ലക്ഷ്യങ്ങൾ

- ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളേയും എഴുതാനും വായിക്കാനും സ്വയം വ്യവഹാര രൂപങ്ങളിൽ ഏർപ്പെടാനും കഴിവുള്ളവരാക്കുക.
- എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യ കഥകൾ / കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.
- എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായം ഇല്ലാതെ ചെറുവാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവ് നേടുന്നെന്ന് ഉറപ്പുവരുത്തുക.
- രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ വിവിധ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടൽ, അവ നവമാധ്യമങ്ങളിൽ പങ്കിടൽ.
- ലളിതമായ വായന കാർഡുകൾ നിർമ്മിക്കുന്നു, വായിക്കുന്നു.
- കുട്ടികളെ എഴുത്തിന്റെ ലോകത്തേക്ക് എത്തിക്കുന്നതിനായുള്ള ലഘുരചന ശില്പശാലകൾ നടത്തുന്നു.
- തിയേറ്റർ സാധ്യതകൾ വായന കളികൾ എന്നിവ ഉപയോഗിച്ച് വായനയിലേക്ക് കുട്ടികളെ ആകൃഷ്ടരാക്കുന്നു.
- ലിപികൾ തിരിച്ചറിഞ്ഞ് മറ്റുള്ളവരുടെ സഹായത്തോടെ ലഘു കവിതകൾ, ചെറുകഥകൾ എഴുതുന്നു, വായിക്കുന്നു.
- കുട്ടികൾ തങ്ങളുടെ ആശയങ്ങൾ പങ്കിട്ട് ചെറുകഥാ പുസ്തകം രൂപപ്പെടുത്തുന്നു.
- പ്രവർത്തന ലക്ഷ്യങ്ങൾ
- ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു.
- സർഗ്ഗശേഷികൾ കൈവരിക്കുന്നു.
- ആശയം ഗ്രഹിച്ച് മറ്റ് വ്യവഹാര രൂപങ്ങളിലേക്ക് മാറ്റുന്നതിന് സാധ്യതകൾ ഒരുക്കുന്നു.
- പാട്ടരങ്ങ്, വീഡിയോ തിയേറ്റർ എന്നിവയിൽ ഏർപ്പെടുന്നു.
- കുഞ്ഞു ചിത്ര കഥാ പുസ്തകങ്ങൾ സ്വയം നിർമ്മിക്കാൻ പ്രാപ്തി നേടുന്നു..
- സ്വന്തമായി എഴുതാനും വായിക്കാനും, വിവിധ രചനകളിൽ ഏർപ്പെടാനും ശേഷിയുള്ളവരായി തീരുന്നു.
- രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ നിർമ്മാണ ശിൽപശാലയിൽ ഏർപ്പെട്ടുകൊണ്ട് സചിത്രപുസ്തകം തയ്യാറാക്കുന്നു.
- രക്ഷിതാവിന്റെയും അധ്യാപകരുടെയും സഹായത്തോടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു.

## ജൂൺ

പ്രവർത്തനങ്ങൾ

- സചിത്ര നോട്ട്ബുക്ക്, സചിത്ര ആസൂത്രണം, അക്കാദമിക മാസ്റ്റർ പ്ലാൻ എന്നിവ തയ്യാറാക്കൽ.
- സചിത്രഡയറി, സംയുക്തഡയറി എന്ന ആശയം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുക.

- അക്കാദമി മാസ്റ്റർ പ്ലാൻ അവതരണം
- ചിത്ര കാർഡുകൾ, വായന കാർഡുകൾ നിർമ്മാണ ശില്പശാല.
- താളാത്മകമായി ചെറു കവിതകൾ ചൊല്ലൽ.

## ജൂലൈ

### പ്രവർത്തനങ്ങൾ

- സംയുക്ത ഡയറി എഴുതാൻ സഹായം ഒരുക്കൽ.
- കുട്ടിക്ക് കഥ പറയാൻ അവസരം ഒരുക്കൽ.
- വായന മൂല, ക്ലാസ് ലൈബ്രറി ഒരുക്കൽ.
- രക്ഷിതാവിന്റെ സഹായത്തോടെ സംയുക്ത ഡയറി എഴുതുന്നു.
- പുസ്തകങ്ങൾ തൊട്ടറിയാനും നിരന്തരം എടുത്തു നോക്കാനും അവസരം ഒരുക്കുന്നു.
- ചെറിയ കഥകൾ കേൾക്കാൻ അവസരം ഒരുക്കുന്നു.
- അക്ഷരപ്പാട്ടുകൾ നൽകി ആവർത്തിച്ചു വരുന്ന അക്ഷരങ്ങൾ ഉറപ്പിക്കുന്നു.
- ചിത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു. വാചികമായി പറയാനും അവസരം നൽകുന്നു.

## ഓഗസ്റ്റ്

### പ്രവർത്തനങ്ങൾ

- റീഡേഴ്സ് തിയേറ്റർ, നിർമ്മാണ ശില്പശാല, പാട്ടരങ്ങ്, മലയാളം മധുരം പ്രവർത്തനങ്ങൾ.
- ഭാഷാ വികസനത്തിന് അവസരം ഒരുക്കുന്നു.
- സംയുക്ത ഡയറി എഴുത്ത് തുടരുന്നു.
- പാഠപുസ്തകത്തിലെ രചനകൾ ഭാവാത്മകമായി അവതരിപ്പിക്കുന്നു.
- ഭാഷ ശേഷി വർദ്ധിപ്പിക്കുന്നതിനായി അക്ഷരപ്പാട്ടുകൾ ചിത്ര വായന കാർഡുകൾ
- എന്നിവ തയ്യാറാക്കുന്നു അവതരിപ്പിക്കുന്നു.
- രചനോത്സവത്തിൽ കുട്ടികൾ സ്വാതന്ത്ര്യ രചനകൾ നടത്താൻ കൈത്താങ്ങ് നൽകുന്നു.
- ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു.
- ആശയ ഗ്രഹണത്തിലൂടെ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടുന്നു.

## സെപ്റ്റംബർ

### പ്രവർത്തനങ്ങൾ

- സംയുക്ത ഡയറി മെച്ചപ്പെടുത്താൻ അവസരം ഒരുക്കുന്നു.
- സ്വതന്ത്ര രചന പരിപോഷിപ്പിക്കുന്നതിന് അവസരം ഒരുക്കുന്നു.
- ചെറിയ ചെറിയ വാക്യങ്ങളിലൂടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു.
- അനുഭവാധിഷ്ഠിതമായ ഭാഷാപഠനം സ്വായത്തമാക്കാൻ അവസരം ഒരുക്കുന്നു.
- വ്യക്തിഗതമായ രചനകൾക്ക് അവസരം ഒരുക്കുന്നു.
- കുട്ടികളെ സ്വതന്ത്ര രചയിതാക്കളും വായനക്കാരുമായി മാറ്റുന്നു.

## ഒക്ടോബർ

### പ്രവർത്തനങ്ങൾ

- വായനോത്സവം സംഘടിപ്പിക്കുന്നു.
- ആസ്വാദ്യകരമായ വായന നടത്തുന്നു.
- ചിത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു.
- രചനോത്സവത്തിന്റെ ഭാഗമായി കുട്ടികളുടെ സ്വതന്ത്ര രചനകൾ പ്രദർശിപ്പിക്കുന്നു.

* ഭാഷ പ്രവർത്തനങ്ങൾ സർഗാത്മകവും സജീവവുമാകുന്നു.
* കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുകയും ഒറ്റയ്ക്കും സംഘമായും അവതരിപ്പിക്കുകയും ചെയ്യുന്നു.
* ഭിന്ന നിലവാരക്കാരെ പരിഗണിച്ച് ഭാഷാപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടത്തുന്നു.

നവംബർ

പ്രവർത്തനങ്ങൾ

* സംയുക്ത ഡയറി എഴുത്ത് കൂടുതൽ മെച്ചപ്പെടുത്തി സ്വതന്ത്ര രചയിതാക്കൾ ആകുന്നു.
* കൂട്ട വായന, നാട്ടുവായന, വീട്ടു വായന, ചിത്ര വായന ഇവയെ പ്രോത്സാഹിപ്പിക്കൽ.
* വായനോത്സവം ഒരുക്കുന്നു
* രചനോത്സവം ഒരുക്കുന്നു
* പത്രവായനയ്ക്ക് അവസരം ഒരുക്കൽ.
* താളാത്മകമായി കവിതകൾ ചൊല്ലൽ.

പ്രവർത്തനങ്ങൾ

* സംയുക്ത ഡയറിയിൽ കുട്ടി എഴുത്ത് കൂടുതലാകുന്നു.
* ചിത്ര വായന നടത്തുന്നു.
* ചെറിയ വായന കാർഡുകൾ ബാലസാഹിത്യകൃതികൾ എന്നിവ ഉപയോഗിച്ച് പരസ്പരം സഹായിച്ച് കൂട്ട വായന നടത്തുന്നു
* ചെറുകഥകൾ പങ്കിട്ട് കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുന്നു.
* നവമാധ്യമങ്ങളിലൂടെ ചിത്രങ്ങൾ പങ്കിട്ട് ചിത്രത്തിന് ചേർന്ന കഥകൾ എഴുതിക്കുന്നു. ചിത്രം വരയ്ക്കുന്നു.
* ദൈനംദിന അനുഭവങ്ങൾ വാർത്ത രൂപത്തിൽ തലക്കെട്ട് എഴുതുന്നു.
* ക്ലാസ് പത്രം രൂപപ്പെടുത്തുന്നു.

ഡിസംബർ

പ്രവർത്തനങ്ങൾ

* ഭാഷാപ്രവർത്തനങ്ങൾ വ്യത്യസ്തവും കൗതുകകരവുമായി അവതരിപ്പിക്കും
* രചന ശേഷി പരിപോഷിപ്പിക്കൽ.
* ദൈനംദിന അനുഭവങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതുന്നു.
* രണ്ടോ മൂന്നോ പേരടങ്ങുന്ന ചെറു ഗ്രൂപ്പുകളായി തിരിഞ്ഞ് പരസ്പര സഹായിച്ച് കൂട്ടെഴുത്ത് നടത്തുന്നു.
* ലഘു കവിതകൾ കഥകൾ എന്നിവ എഴുതാൻ ശ്രമിക്കുന്നു.
* കണ്ടതും കേട്ടതും ആയ കാര്യങ്ങൾ ആശയം ചോർന്നു പോകാതെ പറയാനും എഴുതാനും കഴിയുന്നു.
* സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ച് ആശയപൂർണ്ണതയോടെ എഴുതാൻ കഴിവ് നേടി രചന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
* പരസ്പരം പിന്തുണ ഉറപ്പിച്ച് കൂട്ടെഴുത്ത് പരിപോഷിപ്പിക്കുന്നു.
* സംയുക്ത ഡയറി കൂടുതൽ മെച്ചപ്പെടുത്തുന്നു.

ജനുവരി

പ്രവർത്തനങ്ങൾ

- കുട്ടികളെ എഴുത്തിന്റെ ലോകത്തിലേക്ക് എത്തിക്കുന്നതിനായുള്ള ലഘുരചന ശിൽപ്പശാലകൾ നടത്തുന്നു.
- തീയറ്റർ സാധ്യതകൾ വായന കേളികൾ എന്നിവ ഉപയോഗിച്ച് കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുന്നു.
- കുട്ടികൾ എഴുതിയ ചെറുകവിതകൾ കഥകൾ എന്നിവയുടെ പ്രകാശനം.
- സംയുക്ത ഡയറിയിലെ ഓരോ കുട്ടിയുടെയും മികച്ച രചനകൾ ഡിജിറ്റൽ പോർട്ട്ഫോളിയോയിൽ സൂക്ഷിക്കുന്നു..
- കുട്ടികളുടെ സർഗ്ഗശേഷികൾ സമൂഹത്തിനുമുമ്പിൽ അവതരിപ്പിക്കുന്നു.
- ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു.
- കുട്ടികളുടെ സ്വതന്ത്ര രചനകൾ ചേർത്ത് കൈയെഴുത്ത് പുസ്തകം തയ്യാറാക്കുന്നു.
- മികവുകൾ സമൂഹത്തിനുമുമ്പിൽ പ്രകടിപ്പിക്കുന്നു.

## ഫെബ്രുവരി

### പ്രവർത്തനങ്ങൾ

- ഭാഷോത്സവം രചനോത്സവം എന്നീ ഭാഷാപ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തിൽ നടപ്പിലാക്കുന്നു.
- കുട്ടികളുടെ രചനകൾ മാഗസിൻ ആക്കുന്നു.
- ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനും എഴുതുന്നതിനും അവ സരം ഒരുക്കുന്നു.
- ആശയ പൂർണ്ണതയോടെ തൽസമയ രചനകൾ നടത്തുന്നു.
- ഭാഷോത്സവത്തിൽ ജനപ്രതിനിധികളുടെ പ്രാതിനിധ്യം ഉറപ്പാക്കുന്നു.
- സ്വന്തമായി രചനകൾ നടത്തി കുഞ്ഞെഴുത്ത പുസ്തകങ്ങൾ രൂപപ്പെടുത്തുന്നു.
- ആശയ പൂർണ്ണതയോടെ തൽസമയ രചനകൾ നടത്തുന്നു.
- കുട്ടികളുടെ മികവുകൾ സമൂഹത്തിനും മുന്നിൽ പ്രകടിപ്പിക്കുന്നു.

## മാർച്ച്

### പ്രവർത്തനങ്ങൾ

- കുട്ടികൾ തയ്യാറാക്കിയ കഥകൾ കവിതകൾ പുസ്തകരൂപത്തിൽ ആക്കി പ്രകാശനം ചെയ്യുന്നു.
- വീട്ടുവായന,കൂട്ടുവായന, നാട്ടുവായന, അമ്മ വായന, ചങ്ങല വായന,സ്വന്ത വായന ഇവയ്ക്ക് പ്രോത്സാഹനം ഒരുക്കുന്നു.
- ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ.

### വിലയിരുത്തൽ പ്രവർത്തനങ്ങൾ.

- കുട്ടികൾ സ്വതന്ത്ര രചയിതാക്കളായി മാറിയിട്ടുണ്ട്.
- കുട്ടികളുടെ മികച്ച സ്വതന്ത്ര്യ രചനകളെ വായനക്കാർക്കുകളായി മാറ്റിയിട്ടുണ്ട്.
- രചനോത്സവം ഭാഷാപ്രവർത്തനങ്ങളുമായി ഉറപ്പിച്ചിട്ടുണ്ട്
- കുട്ടികളുടെ രചനകൾ ചേർത്ത് കുഞ്ഞെഴുത്ത പുസ്തകം തയ്യാറാക്കുന്നു.
- മികവുകൾ സമൂഹത്തിന് മുന്നിൽ എത്തിക്കുന്നു.
- സംയുക്ത ഡയറി വഴി മികച്ച നേട്ടം കൈവരിക്കുന്നു.
- സചിത്രപാഠം പ്രവർത്തനങ്ങൾ ക്ലാസ് മുറിയിൽ നടപ്പിലാക്കുന്നു.
- സർഗാത്മകശേഷി വികസനത്തിനുള്ള കഴിവുകൾ, സാധ്യതകൾ ഉറപ്പാക്കുന്നു.
- ഭാഷോത്സവത്തിന്റെ ഭാഗമായി പാട്ടുത്സവത്തിലെ മികവുകൾ അവതരിപ്പിക്കുന്നു.
- എല്ലാ കുട്ടികളെയും സചിത്ര പാഠപുസ്തകത്തിൽ പങ്കാളിത്തം ഉറപ്പാക്കിയിട്ടുണ്ട്.

ഗണിതം ജീവിതത്തിൽ ഒഴിച്ചുകൂടാൻ പറ്റാത്തതാണ്. ഭാഷയിലും ശാസ്ത്രത്തിലും മറ്റ് ഇതര പ്രവർത്തനങ്ങളിലും അവബോധം നേടിയെടുക്കുമ്പോൾ ഗണിതം പിന്തള്ളി പോകാതെ മുഖ്യധാരയിൽ എത്തിക്കുന്നതിന് ശ്രമിക്കേണ്ടതാണ്. ഇതിനായി ഒന്നാം ക്ലാസിൽ നിന്ന് തന്നെ ലളിത പ്രവർത്തനങ്ങൾ രസകരമാക്കാവുന്നതാണ്. പാട്ടുകളിലൂടെയും കളികളിലൂടെയും ഗണിതം ആസ്വാദ്യകരമാക്കാവുന്നതാണ്.

ലക്ഷ്യങ്ങൾ

- ഒന്നു മുതൽ അഞ്ച് വരെയുള്ള സംഖ്യകൾ എണ്ണുന്നു എഴുതുന്നു.
- അഞ്ചു വരെയുള്ള എണ്ണത്തെ പകുതി തുല്യം കൂടുതൽ കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു.
- അഞ്ചുവരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.
- ഒരക്ക സംഖ്യകൾ എണ്ണി എടുക്കുന്നു, എഴുതുന്നു, വായിക്കുന്നു.
- ഒമ്പതിൽ താഴെ വരെയുള്ള വ്യത്യസ്ത സംഖ്യകളിൽ ഒരു സംഖ്യയോട് എത്ര കൂട്ടിയാൽ തന്നിരിക്കുന്ന വലിയ സംഖ്യ കിട്ടും എന്ന് കണ്ടെത്തി പറയുന്നു.
- സംഖ്യകളെ ആരോഹണ- അവരോഹണ ക്രമത്തിൽ ആക്കുന്നു.
- രണ്ട് ഒരൊക്ക സംഖ്യകളുടെ സങ്കലനം.
- രണ്ട് ഉരക്ക സംഖ്യകളുടെ വ്യവകലനം.
- ഒരക്ക സംഖ്യകളുടെ വ്യാഖ്യാനം.
- ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ എണ്ണുകയും എഴുതുകയും വായിക്കുകയും ചെയ്യുന്നു.
- ഒരക്ക സംഖ്യാപാറ്റേൺ രൂപീകരിക്കൽ.
- ഒരക്ക സംഖ്യയും രണ്ടക്ക സംഖ്യയും ഉൾപ്പെടുന്ന ലളിതമായ ഗണിത പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നതിനുള്ള കഴിവ് നേടുന്നു.

ജൂൺ

- സംഖ്യകൾ തിരിച്ചറിയുന്നു, പറയുന്നു.
- സംഖ്യാ കാർഡ് നിർമ്മിക്കൽ.

ജൂലൈ

- ഗണിത പഠനത്തിന് സഹായകമായ തരത്തിൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിതക്കിറ്റ് തയ്യാറാക്കുന്നു.
- സംഖ്യാ കാർഡ് തയ്യാറാക്കുന്നു.

ഓഗസ്റ്റ്

- ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു.
- കൂടുതൽ, കുറവ് തിരിച്ചറിയുന്നു.
- ഗണിത കിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിത പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

സെപ്റ്റംബർ

- സംഖ്യാ ഗാനങ്ങൾ ആസ്വദിക്കൽ.
- ഒരക്ക സംഖ്യകൾ തമ്മിൽ സങ്കലന ക്രിയകൾ നടത്തൽ.
- ഒരക്ക സംഖ്യകൾ തമ്മിൽ വ്യവകലനക്രിയകൾ നടത്തൽ.
- ഒന്നിനോടൊന്നു കൂട്ടിയാൽ മറ്റൊരു സംഖ്യ കിട്ടും എന്ന തിരിച്ചറിവ്.
- സംഖ്യാ ഗാനങ്ങൾ ആലപിക്കൽ.

ഒക്ടോബർ

- ഒറ്റ സംഖ്യ, ഇരട്ടസംഖ്യ തിരിച്ചറിയൽ.
- ഒന്നിടവിട്ട സംഖ്യകളാണ് ഒറ്റസംഖ്യ, ഇരട്ടസംഖ്യ എന്ന് തിരിച്ചറിവ്.
- വലിയ സംഖ്യ ചെറിയ സംഖ്യ തിരിച്ചറിയൽ.
- ഉല്ലാസ ഗണിത പ്രവർത്തനങ്ങൾ.

നവംബർ

- സംഖ്യാ ഗാനങ്ങൾ പാടുന്നു, ശേഖരിക്കുന്നു
- ഒരക്ക സംഖ്യയും രണ്ടക്കസംഖ്യയും തമ്മിലുള്ള സങ്കലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

ഡിസംബർ

- സംഖ്യകൾ ആരോഹണ അവരോഹണ ക്രമത്തിൽ എഴുതാൻ
- ഗണിത ആൽബം തയ്യാറാക്കൽ

ജനുവരി

- ഒരക്ക സംഖ്യയും രണ്ടക്കസംഖ്യയും തമ്മിലുള്ള വ്യവകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- സങ്കലനം, വ്യവകലനം ചിഹ്നങ്ങൾ തിരിച്ചറിയുന്നു.
- ഒന്നു മുതൽ 10 വരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.

ഫെബ്രുവരി

- ഗണിത ആൽബം പിടിഎയിൽ പ്രദർശിപ്പിക്കുന്നു.
- വില വിവരപ്പട്ടിക, പ്രശ്ന വിശകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

മാർച്ച്.

- ഗണിതാശയവുമായി ബന്ധപ്പെട്ട വർക്ക് ഷീറ്റുകൾ കമ്പ്ലീറ്റ് ചെയ്യുന്നു.
- ലളിതമായ ഗണിതക്രിയകളിൽ ഏർപ്പെടുന്നു.
- ഉല്ലാസഗണിതം പ്രവർത്തനങ്ങൾ.
- സംഖ്യകളുടെ പകുതി ഇല്യം എന്നിവ തിരിച്ചറിയുന്നു.

The goal for the first grader is to handle English fluently. The first grader must go from small words to big words. They must be able to read, write and speak English. Every child should be able to speak English fluently, like Malayalam. We have to keep the language English close to our heart.

The academic master plan is designed to ensure that not a single child goes illiterate.

Objectives and learning outcomes.

- Respond to simple instructions in the classroom.
- Describe orally about the pictures and objects.
- Familiarise with simple words.
- Enjoy songs and sings them with Rhythm and action.
- Familiarise the names of birds, animals, their young ones and identifies them from pictures.

June

- Introduce symbol words.
- Provides picture cards.

July

- Identify familiar words.
- Say familiar words.
- Read familiar words.
- Write familiar words.

August

- Enjoy songs and sings them with Rhythm and action.
- Describes orally about pictures and objects using adjectives.

September

- Read and write simple words and Simple sentences
- Provides picture cards and reading cards.

October

- Introduce symbol picture descriptions.
- Make word chain, sentence chain.
- Make riddles.
- Describing words, rhyming words.
- Text book activities.

November

- Prepare reading cards.
- Provide more opportunities to read, right and speak English.
- Writes five English words daily.

December

- Read and understand simple instructions in the classroom.
- Encourage digital reading.

January.

- Enjoy songs and sings them with Rhythm and action.
- Make picture albums.
- Collect pictures of animals and its young ones.

February

- provide the opportunity to express myself in the classroom.
- English assembly once in a week.

March

- Speaks English fluently.
- Read and write simple sentences
- Picture reading and picture description.

# G U P S AMARAMBALAM SOUTH

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ക്ലാസ്സ് 2

Tap To
REMOVE

PDF Scanner ACE Scanner

Downloaded from: https://textbooksall.blogspot.com/

മേഖല – അക്കാദമികം

ഉപമേഖല – ഭാഷ

ക്ലാസ് – II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഉചിതമായ വ്യവഹാര രൂപങ്ങളിലുള്ള ലേഖന മികവ് | 1) എഴുത്തും കുത്തും ലഘു രചനയിലേക്ക് നയിക്കുന്ന രചനാ ക്യാമ്പുകൾ<br>2) ലഘുപതിപ്പുകൾ തയ്യാറാക്കൽ. | ഒക്ടോബർ<br>നവംബർ<br>ഡിസംബർ | SRG<br>SMC<br>ക്ലബ്ബുകൾ<br>എം.പി.ടി.എ ഗ്രൂപ്പ് | [illegible]<br>[illegible] പി.ടി.എ |
| സർഗാത്മകതയെ തട്ടിയുണർത്താം | 1) രചനാശില്പശാല കഥ, കവിത, രചനകൾക്കുള്ള വേദിയൊരുക്കൽ | ഡിസംബർ<br>ജനുവരി | SMC<br>അധ്യാപകർ<br>ക്ലബ്ബുകൾ<br>പ്രമുഖ വ്യക്തികൾ | SRG<br>SMC |

Downloaded from: https://textbooksall.blogspot.com/

മേഖല - അക്കാദമികം

ഉപമേഖല - ഗണിതം

ക്ലാസ് - II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിത ചിന്താ ശേഷി വളർത്തൽ | ഒരു ദിവസം ഒരു ചോദ്യം (കുസൃതി കണക്കുകളും, ഗണിത പസിലുകളും ഉൾപ്പെടുത്തി)<br><br>ഗണിത ക്ലബ്ബ് (ഗണിതം കളികളിലൂടെ) | ആഴ്ചയിൽ ഒന്ന് വീതം<br><br>മാസത്തിൽ ഒന്ന് വീതം | SRG<br>ക്ലാസ് ടീച്ചർ | S.S.A |

Downloaded from: https://textbooksall.blogspot.com/

മേഖല - അക്കാദമികം

ഉപമേഖല - പരിസരപഠനം

ക്ലാസ് - II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശുചിത്വബോധമുള്ള വ്യക്തിത്വവും സമൂഹവും സൃഷ്ടിക്കുന്നതിന്. | ശുചിത്വ സർവ്വേ, ക്ലാസുകൾ, പോസ്റ്റർ രചനാ മത്സരം അവതരണങ്ങൾ. | ജൂൺ, ജൂലൈ | ക്ലാസ് ടീച്ചർ SRG SMC | |
| പ്രകൃതിയെ അറിയൽ. | പ്രകൃതി നടത്തം കാഴ്ചബംഗ്ലാവിലേക്ക്. കണ്ടൽക്കാട്/[illegible] - യാത്ര | [illegible] | ടീച്ചേഴ്സ് SRG SMC | SMC |
| നാടറിയാൻ - നാട്ടറിവുകൾ | കർഷകരുമായി അഭിമുഖം. കൃഷിയിടത്തിലേക്ക്. നമുക്കും കർഷകരാകാം | ജനുവരി | SRG SMC നാട്ടുകാർ | |

Downloaded from: https://textbooksall.blogspot.com/

മേഖല - അക്കാദമികം

ഉപമേഖല - ഇംഗ്ലീഷ്

ക്ലാസ് - II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആത്മ വിശ്വാസത്തോടെ ഇംഗ്ലീഷ് ഭാഷ സംസാരിക്കുവാനുള്ള അവസരമൊരുക്കൽ | Let's talk...... പ്രതിഭാധനരുമായി സംവദിക്കൽ.<br>English കോർണർ.<br>ഇംഗ്ലീഷ് അസംബ്ലി One day English | മൂന്ന് മാസത്തിൽ ഒന്ന്<br>മാസത്തിൽ ഒന്ന്<br>ആഴ്ചയിൽ ഒന്ന് | SRG<br>Class Teacher<br>SMC | S S A |

## GUPS AMARAMBALAM SOUTH

# Academic master plan

# class 3

Poster Maker

# അക്കാദമിക് മാസ്റ്റർ പ്ലാൻ - 2025 - 2026.

## വിഷയം :- മലയാളം.

**ലക്ഷ്യം :** നാടൻ പാട്ട് പോലുള്ളവയിലും സ്വയം താളം പിടിക്കുകയും ഈണം ശ്രുതിയും താളവും ശ്രദ്ധിച്ച് ആസ്വദിക്കുന്നതിൽ ആനന്ദം കണ്ടെത്തുക.

* പഴഞ്ചൊല്ലുകളും നാട്ടറിവുകളും സ്വന്തം ഭാഷ പ്രയോഗങ്ങളിൽ ഉചിതമായി ഉൾപ്പെടുത്താൻ കുട്ടികളെയും പ്രാപ്തരാക്കുക.

| S/No | പ്രവർത്തനം | ചുമതല | കാലയളവ് |
|---|---|---|---|
| 1. | പാട്ടിൻ പാഠം<br>വ്യത്യസ്ത ഈണങ്ങളിലുള്ള വരികൾ അടങ്ങിയ നാടൻ പാട്ടുകൾ കേൾക്കുന്നു. അവതരിപ്പിക്കുന്നു. | അധ്യാപിക. | ജൂൺ- ജൂലൈ |
| 2 | പാട്ടറിവ് ശേഖരം<br>ശേഖരിച്ച പാട്ടുകൾ സഭ ക്ലാസ്സിൽ അവതരിപ്പിക്കുന്നു.<br>* നാടൻ പാട്ട് പഠിച്ച് ആസ്വാദനം കുറിക്കുന്നു. | വിദ്യാർത്ഥികൾ | |
| 3 | പഴഞ്ചൊൽ പെരുമ.<br>പഴഞ്ചൊല്ലുകൾ ശേഖരണം | | |
| 4 | [illegible]<br>കുട്ടികൾക്ക് പരിചിതമായ [illegible] | | |

| | | | |
|---|---|---|---|
| 5 | **കടങ്കഥ**<br>* കടങ്കഥ സാഹിത്യ പരിചയം<br>* വിവിധ കടങ്കഥകളുമായി സമ്പർക്കം<br>* കടങ്കഥകളുടെ ശേഖരണം.<br>* കടങ്കഥ നിർമ്മാണം.<br>* കടങ്കഥാമത്സരം.<br>* കടങ്കഥാ പതിപ്പ് തയ്യാറാക്കൽ. | അധ്യാപിക<br>വിദ്യാർത്ഥികൾ | വ്യക്തിഗതം -<br>ഗ്രൂപ്പ് |
| 6 | **വിവിധതരം കളികൾ**<br>വിവിധ തരത്തിലുള്ള കളികളുടെ ശേഖരണത്തിൽ പങ്കെടുക്കാം.<br>* കളി നിയമങ്ങൾ രേഖപ്പെടുത്തിയശേഷം ചിത്രീകരണം, ആൽബം തയ്യാറാക്കൽ. | | ഗ്രൂപ്പ് |
| 7 | **കഥാഭിനയം**<br>നാട്ടുകഥകൾ ശേഖരിക്കാം.<br>നാടകീയതകൾ അവതരിപ്പിക്കാം.<br>കഥാപാത്രങ്ങളെ ചിത്രീകരിക്കാം.<br>സ്വന്തം അനുഭവത്തിൽ കഥയാക്കി എഴുതാം.<br>കഥാപാത്രമാകാം. | വിദ്യാർത്ഥികൾ | |

ലക്ഷ്യം: 2 അക്ഷര വ്യക്തതയോടെ തെറ്റുകൂടാതെ പദങ്ങളും വാക്യങ്ങളും വായിക്കാനും എഴുതാനും പ്രാപ്തരാക്കുക.

| സ്ലി.നം | പ്രവർത്തനം | ചുമതല | കാലയളവ് |
|---|---|---|---|
| | * കുട്ടി കേട്ട ഒരു കഥ പറയൽ<br>* അവധിക്കാല അനുഭവം പറയൽ. | | ജൂൺ. |
| | • ശേഖരപ്പതിപ്പ് (ചിത്രങ്ങൾ, പദങ്ങൾ, പാട്ടുകൾ).<br>ഭാഷാശേഷി വർധിപ്പിക്കാൻ അവസരം ഒരുക്കുക. അക്ഷരവായന, സചിത്ര വായന, സംഘവർത്തിതവായന എന്നിവ നടത്തുന്നു. | കുട്ടികൾ രക്ഷിതാവ് | സെപ്റ്റംബർ |
| | * ലൈബ്രറി – പ്രയോജനപ്പെടുത്തി പുസ്തകങ്ങൾ പരിചയപ്പെടുന്നതിനുള്ള അവസരം.<br>* ചിത്രവായന<br>* ചിത്രം നോക്കി കഥ പറയാം.<br>* കൂട്ടവായന – കുട്ടികൾ പരസ്പരം സഹായിച്ച് വായിക്കുന്നു. | | ജൂലൈ - മാർച്ച്. |
| | വായനച്ചങ്ങല<br>വായനാക്കാർഡുകൾ, ചിത്രങ്ങൾ നൽകി വിവരണം എഴുതൽ.<br>* ക്ലാസ് ലൈബ്രറിയിലെ പുസ്തകങ്ങൾ വായിച്ച് സ്വന്തം ഭാഷയിൽ കഥ പറയുക. | അധ്യാപിക. | ഒക്ടോബർ – മാർച്ച്. |

Academic Master Plan - 2025

Class : 3

# ENGLISH

| AIMS | ACTIVITIES | DURATION | CHARGE | ECONOMIC SOURCE |
|---|---|---|---|---|
| * To study alphabets | * Pre-test<br>* Write simple words | June - July | Teacher<br>students | |
| * To develop Listening and speaking skills | * Games, Action songs Hello English activities Conversation, stories ICT<br>* Speech, self introduction school radio | June - March | Teacher<br>student | |
| * To develop reading and writing skill. | * Reading cards, short stories News paper headlines<br>* Conversation, description<br>* Add more lines<br>* Make word web. | June - March. | Teacher<br>students | |

| | | | | |
|---|---|---|---|---|
| * Create more opportunities for English speaking in the classroom. | * Classroom communication should be in English like<br>> May I drink some water<br>> May I go to washroom<br>* Wishing / greeting friends and teachers<br>Good morning, goodevening etc...<br>* How are you ? | Academic Year. | Teacher student | Nil |

അക്കാദമിക മാസ്റ്റർ പ്ലാൻ

ക്ലാസ് - 3

## ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| * ചതുരം, വൃത്തം, ത്രികോണം എന്നീ രൂപങ്ങളെക്കുറിച്ചുള്ള ധാരണ നേടുന്നു. | > പ്രീ ടെസ്റ്റ്<br>> ഈർക്കിലുകൾ, കമ്പുകൾ, വള എന്നിവ ഉപയോഗിച്ച് ചതുരം, ത്രികോണം, വൃത്തം എന്നിവ നിർമ്മിക്കുന്നു | ജൂൺ - ജൂലൈ | അധ്യാപകർ, കുട്ടികൾ | |
| * 999 വരെയുള്ള സംഖ്യകളെ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കുന്നു.<br>* എല്ലാ കുട്ടികളിലും സംഖ്യാബോധം വളർത്തുന്നു | > സംഖ്യാ ചാർട്ടുകൾ - നാണയങ്ങൾ, കളിപ്പാട്ടങ്ങൾ<br>> പാട്ടുകൾ<br>> വസ്തുക്കൾ ഉപയോഗിച്ച് സംഖ്യകൾ ഉറപ്പിക്കൽ | ആഗസ്റ്റ് - സെപ്റ്റംബർ | അധ്യാപകർ, കുട്ടികൾ | |

| | | | | |
|---|---|---|---|---|
| * സങ്കലന - വ്യവകലന ക്രിയകൾക്ക് കുട്ടികളെ പ്രാപ്തരാക്കുക. | > ഉദാ: കരണങ്ങൾ .. ..<br>> നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ | ഒക്ടോബർ - നവംബർ | അധ്യാപകൻ കുട്ടികൾ | |
| * ഗുണന വസ്തുതകൾ നേടൽ | > ഉദാ: കരണങ്ങൾ<br>> ഉണ്ടാടികളി | ഡിസംബർ - ജനുവരി | അധ്യാപകൻ കുട്ടികൾ | |
| * ഹരണക്രിയയുമായി ബന്ധപ്പെട്ട ശേഷികൾ നേടൽ | > നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ | ഫെബ്രുവരി - മാർച്ച് | അധ്യാപകർ കുട്ടികൾ. | |

# അക്കാദമിക മാസ്റ്റർ പ്ലാൻ – 2025-26

## വിഷയം :- പരിസരപഠനം

**ലക്ഷ്യം-1** :- ചുറ്റുപാടിലുള്ള സസ്യങ്ങളുടെ അടിസ്ഥാന ഘടന വർഗ്ഗീകരണത്തിനനുസരിച്ച് സാദൃശ്യങ്ങളും വ്യത്യാസങ്ങളും നിരീക്ഷണങ്ങളിലൂടെ തിരിച്ചറിഞ്ഞ് സസ്യങ്ങളുടെ ലോകം തിരിച്ചറിയാനും ലോകത്തിലെ വൈവിധ്യം ആസ്വദിക്കാനും പ്രാപ്തരാക്കുക.

| Sl No | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| 1 | ആരാമം ഒരു പരിചയം.<br>ജൈവ വൈവിധ്യ ഉദ്യാന സന്ദർശനം, സസ്യങ്ങളെ നിരീക്ഷിക്കാൻ പ്രവർത്തന സവിശേഷതകൾ അനുസരിച്ച് തരം തിരിക്കൽ, ഔഷധ സസ്യങ്ങൾ തിരിച്ചറിയൽ, വർഗീകരണം, സസ്യങ്ങളുടെ ചിത്രങ്ങൾ ശേഖരിച്ച് ആൽബം തയ്യാറാക്കൽ. | ജൂൺ - ജനുവരി | വിദ്യാർത്ഥികൾ |
| | * പച്ചക്കറിത്തോട്ടം ഒരുക്കാം<br>* ജൈവ വൈവിധ്യ ഉദ്യാന നിർമ്മാണം<br>* സ്കൂൾ പച്ചക്കറി തോട്ട നിർമ്മാണം<br>* വീട്ടിൽ പച്ചക്കറിത്തോട്ടം നിർമ്മിക്കൽ. | ജൂൺ - ജനുവരി. | അധ്യാപിക.<br>വിദ്യാർത്ഥികൾ<br>CPTA. |

ലക്ഷ്യം - 2.

* പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക.
* സാമൂഹ്യ വിഷയങ്ങളിൽ അറിവും താൽപര്യവും വളർത്തുക.

| Sl No | പ്രവർത്തനം | മാസങ്ങൾ | ചുമതല |
|---|---|---|---|
| 1. | പ്രകൃതിസംരക്ഷണം<br>ചുറ്റുപാടുകളെ കുട്ടികളെക്കൊണ്ട് നിരീക്ഷിക്കാം. (പോസ്റ്ററുകൾ തയ്യാറാക്കാം.)<br>- വിവിധ ആവാസവ്യവസ്ഥകൾ സന്ദർശിക്കാം (ഫീൽഡ് ട്രിപ്പ്).<br>- കുട്ടികളുടെ പ്രദർശനവും (പോസ്റ്റർ)<br>- നമ്മുടെ ചുറ്റുപാടുകളെ കുറിച്ച് ഒരു പഠനം തയ്യാറാക്കിയശേഷം സ്വയം വിലയിരുത്താം. (ഫീൽഡ് ട്രിപ്പ്)<br>- പ്രകൃതിക്ക് ദോഷകരമായ മാലിന്യങ്ങൾ ഇല്ലാതാക്കാം. (ബോധവൽക്കരണ ക്ലാസ്സ് - പോസ്റ്റർ, നാടകം, സർവ്വേ).<br>→ പോസ്റ്റർ നിർമ്മാണം (പ്രകൃതി സംരക്ഷണം) | ജൂൺ- ഓഗസ്റ്റ്<br><br>ജൂൺ | അധ്യാപിക. |
| 2. | പൂന്തോട്ടം ഒരുക്കാം<br>→ സ്കൂൾ പൂന്തോട്ടം പരിപാലിക്കൽ.<br>→ വീട്ടിൽ പൂന്തോട്ടം നിർമ്മിക്കൽ. | ജൂൺ - മാർച്ച് | |
| 3. | ഒരു തൈ നടാം<br>പരിസ്ഥിതിദിനാഘോഷത്തിൽ വൃക്ഷത്തൈ നടൽ - നട്ട വൃക്ഷത്തൈ പരിപാലിക്കൽ | ജൂൺ | കുട്ടികൾ |

## ലക്ഷ്യം - 3

*കുട്ടികളെ വ്യക്തി ശുചിത്വം പരിസര ശുചിത്വവും ഉള്ളവരാക്കി മാറ്റുക.

| Sl No | പ്രവർത്തനം | മാസങ്ങൾ | ചുമതല |
|---|---|---|---|
| 1. | **ദിനാചരണങ്ങൾ**<br>→ ലോക ദിനവും പോഷകാഹാരദിനങ്ങളും ഡോക്ടറെ സ്കൂളിൽ വരുത്തി ക്ലാസ് നൽകുന്നു, ക്ലാസ് പി.ടി.എ.കളിലൂടെ ബോധവത്കരിക്കുന്നു.<br>→ കുട്ടികളെ ഗ്രൂപ്പുകളാക്കി ആരോഗ്യശീലങ്ങളും പരിസരവും വൃത്തിയായി ഗ്രൂപ്പുകളായി നൽകുന്നു. | ജൂൺ - മാർച്ച് | കുട്ടികൾ. |
| 2. | **സർവ്വേ**<br>* ക്ലാസ് റൂമിൽ ശുചിത്വ സർവ്വേ<br>* വ്യക്തി ശുചിത്വം, ക്ലാസ് റൂം ശുചിത്വം എന്നിവ അടിസ്ഥാനമാക്കി മാർക്ക് നൽകുന്നു. | ജൂലൈ - മാർച്ച്. | അധ്യാപകർ. |
| 3. | **പരിസര നടത്തം**<br>നമ്മുടെ പരിസരത്തെ മാലിന്യങ്ങളെ കുറിച്ചും അടുത്തറിയാം (സർവ്വേ).<br>→ മാലിന്യങ്ങളെ ജൈവ അജൈവ എന്ന് തരം തിരിക്കുന്നു.<br>→ പരിസ്ഥിതി സംരക്ഷണം (പതിപ്പ്) | ജൂൺ - ഡിസംബർ | |
| 4. | **നല്ല ശീലം**<br>ബോധവൽക്കരണ ക്ലാസുകൾ സ്കൂളിൽ പതിവായി | ജൂലൈ - മാർച്ച് | |

## ഘട്ടം-4

ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താൽപര്യവും വളർത്തൽ.

| Sl No | പ്രവർത്തനം | മാസങ്ങൾ | ചുമതല |
| --- | --- | --- | --- |
| | **വീഡിയോ ക്ലിപ്പ്.**<br>നമ്മുടെ നാട്ടിലെ പരിസ്ഥിതിയെ കുറിച്ച് അറിയുന്നതിനായി വീഡിയോ ക്ലിപ്പ് സംഘടിപ്പിക്കുന്നു. (ശലഭം, വയൽ, കാവ് etc) | ജനുവരി- മാർച്ച് | അധ്യാപിക. |
| | **പരീക്ഷണങ്ങൾ**<br>* ശാസ്ത്ര കൗതുകം വളർത്തുന്നതിന് പരീക്ഷണങ്ങളിൽ ഏർപ്പെടുത്തുന്നു. | ഡിസംബർ- ഫെബ്രുവരി | അധ്യാപിക. രക്ഷിതാവ്. |
| | **പക്ഷിനിരീക്ഷണം**<br>പക്ഷി നിരീക്ഷണത്തിന് അവസരം | ജനുവരി- മാർച്ച് | |

## GUPS AMARAMBALAM SOUTH

# Academic master plan
# class 4

Poster Maker

# അക്കാദമിക മാസ്റ്റർ പ്ലാൻ

സ്കൂൾ : GMUPS അമരമ്പലം സൗത്ത്

ക്ലാസ് : IV

ക്ലാസ് ടീച്ചറുടെ പേര് : സിന C.S, രമ്യ.K

ഉപജില്ല : നിലമ്പൂർ

ജില്ല : മലപ്പുറം

## ഉള്ളടക്കം


1. ആമുഖം
2. പ്രവർത്തന കലണ്ടർ
3. മലയാള മധുരം
4. വിരിയുന്ന ചിന്തകൾ
5. പാട്ടരങ്ങ്
6. കളിക്കാം ഗണിക്കാം
7. റീഡേഴ്സ് തീയേറ്റർ
8. നാട്ടുവിശേഷം കൂട്ടെഴുത്ത്
9. ക്ലാസ് പത്രം
10. രചനോത്സവം
11. വായനോത്സവം

12. ഭാഷോത്സവം

13. ഗണിത കേളികൾ

14. ഗണിത കിറ്റ്

15. പരീക്ഷണങ്ങൾ

16. ലഘു പ്രോജക്ട്

17. പരീക്ഷണ കിറ്റ്

18. രക്ഷിതാക്കൾക്ക് ശില്പശാല

19. വിജയ സ്പർശം

20. പാനീയമേള

21. ഭക്ഷ്യമേള

---

ലക്ഷ്യം: നാലാം ക്ലാസ്സിലെ വിദ്യാർത്ഥികൾക്ക് ഭാഷയിലും, ഗണിതത്തിലും, പരിസര പഠനത്തിലും സമഗ്രവും ആസ്വാദ്യകരവുമായ പഠനം ഉറപ്പാക്കുക. ഓരോ കുട്ടിയുടെയും വ്യക്തിഗത കഴിവുകൾ തിരിച്ചറിഞ്ഞ് അവ പരിപോഷിപ്പിക്കുക.

പൊതു തത്വങ്ങൾ:

- കളികളിലൂടെയും പ്രവർത്തനങ്ങളിലൂടെയുമുള്ള പഠനം.
- സർഗ്ഗാത്മകതയ്ക്കും സ്വയം പഠനത്തിനും പ്രാധാന്യം.
- സാമൂഹികവും പാരിസ്ഥിതികവുമായ അവബോധം വളർത്തൽ.
- സാങ്കേതിക വിദ്യയുടെ ഫലപ്രദമായ ഉപയോഗം.
- കുടുംബത്തിന്റെയും സമൂഹത്തിന്റെയും പങ്കാളിത്തം ഉറപ്പാക്കുക.

1. മധുരം മലയാളം (ഭാഷാ പഠനം)

| പ്രവർത്തനം | ലക്ഷ്യം | കാലം | പങ്കാളികൾ | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം നൽകി മുന്നോട്ട് കൊണ്ടുവരൽ. | ലക്ഷ്യം നേടുന്നതുവരെ | SRG, ക്ലാസ് ടീച്ചർ | PTA ഫണ്ട് |

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| ആവശ്യമായ പഠന സാമഗ്രികൾ ഒരുക്കൽ. | | | | |
| വായിക്കാം വളരാം | വായനാശേഷി വളർത്തൽ. | വർഷം മുഴുവൻ | HM, SRG, ക്ലാസ് ടീച്ചർ | PTA |
| ക്ലാസ് വായന, ക്ലാസ് ലൈബ്രറി ഒരുക്കൽ- പുസ്തക പരിചയം. | | | | |
| വായനാ കുറിപ്പ്, ആസ്വാദന കുറിപ്പ്, പുസ്തക സംവാദം. | | | CPTA | |
| എഴുതാം തെളിയാം | എഴുത്ത് പരിപോഷിപ്പിക്കൽ. | പ്രതിമാസം (വർഷം മുഴുവൻ) | SRG, ക്ലാസ് ടീച്ചർ | PTA |
| പാഠഭാഗങ്ങളിൽ നിന്നും പഠന പ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ എഴുത്തിലൂടെ പ്രകടിപ്പിക്കൽ. | | | | |
| എഴുത്തുകാരുമായി സംവദിക്കൽ | ലേഖന ശേഷി വർധിപ്പിക്കൽ, സാഹിത്യകാരന്മാരെ അടുത്തറിയൽ. | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | |
| സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ. | | | | |
| കണ്ടറിയാം... കേട്ടറിയാം... | അറിവ് ദൃശ്യാനുഭവത്തിലൂടെ നേടൽ (ICT). | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | PTA |
| പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ, പ്രദർശിപ്പിക്കൽ. | | | | |
| രുചിച്ചറിയാം... | നമ്മുടെ പ്രാചീന (നാടൻ) ഭക്ഷണങ്ങൾ പരിചയപ്പെടൽ. | വർഷത്തിലൊന്ന് | SRG, ക്ലാസ് ടീച്ചർ, PTA | |
| ഭക്ഷ്യമേള - പാചകക്കുറിപ്പടങ്ങിയ പതിപ്പ് നിർമ്മാണം, ക്ലാസിലൊരു സദ്യ. | | | | |
| ഓർക്കാം - അഭിമാനിക്കാം (സാഹിത്യകാരന്മാർ) | സാഹിത്യകാരന്മാരെ അടുത്തറിയൽ, ഓർമ്മദിനങ്ങൾ ആചരിക്കൽ. | ആവശ്യാനുസരണം | SRG, ക്ലാസ് ടീച്ചർ, CPTA | |

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| സാഹിത്യകാരന്മാരുടെ ജന്മ-ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ, ഡോക്യുമെന്ററി പ്രദർശനം, പുസ്തക പരിചയം, ക്വിസ്, ലഘു പ്രഭാഷണം, ജീവിതരേഖ തയ്യാറാക്കൽ, പതിപ്പ് നിർമ്മാണം, പ്രദർശനം. | | | | |
| കലക്കൂട്ട് | പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ നേരിട്ടറിയൽ. | വർഷത്തിലൊന്ന് | HM, SRG, CPTA, ക്ലാസ് ടീച്ചർ | PTA |
| പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ് മുറിയിലേക്ക്. | | | | |
| ഭാഷാ പഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ/പ്രദർശനം (സർഗ്ഗോത്സവം, കലാവതരണം, കലാ ഉപകരണങ്ങൾ, ചമയങ്ങൾ പ്രദർശനം). | | വർഷത്തിലൊരിക്കൽ | SRG, CPTA, ക്ലാസ് ടീച്ചർ | PTA |
| കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം. | | | HM | |

**2.** വിരിയുന്ന ചിന്തകൾ (ഇംഗ്ലീഷ് ഭാഷാ പഠനം)

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് അസംബ്ലി | ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതാനും ശേഷി മെച്ചപ്പെടുത്തൽ. | ആഴ്ചയിൽ ഒരു ദിവസം (വർഷം മുഴുവൻ) | ക്ലാസ് ടീച്ചർ | |
| അസംബ്ലി ചേരൽ (നിയന്ത്രണം കുട്ടികൾക്ക്). | | | | |
| ഇംഗ്ലീഷ് ഡയറി | തെറ്റില്ലാതെ ഇംഗ്ലീഷ് | ആഴ്ചയിൽ മൂന്ന് | ക്ലാസ് ടീച്ചർ | |

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| | എഴുതാനുള്ള ശേഷി. | ദിവസം (വർഷം മുഴുവൻ) | | |
| നിത്യവും വീട്ടിലും വിദ്യാലയത്തിലും നടത്തുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറി കുറിപ്പായി എഴുതൽ. | | | | |
| ഇംഗ്ലീഷ് തിയേറ്റർ | സർഗാത്മകതാ പരിപോഷണം. | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | SMC |
| ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യത്യസ്ത രൂപങ്ങളാക്കി അവതരിപ്പിക്കൽ (Skit, Drama, Conversation, Story Telling). | | | | |
| ഇംഗ്ലീഷ് മാഗസിൻ | സർഗാത്മകതാ രചനാശേഷി വികസനം. | മൂന്ന് മാസത്തിലൊരിക്കൽ | HM, ക്ലാസ് ടീച്ചർ, SMC | SMC |
| മൂന്ന് മാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് മാസിക തയ്യാറാക്കൽ. | | | | |
| ഇംഗ്ലീഷ് കൈയെഴുത്ത് | ഇംഗ്ലീഷ് ഭാഷയിലുള്ള രചനാ രീതികൾ. | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | PTA |
| സ്കൂളിലെ വിശേഷ ദിവസങ്ങളിലെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് സുഹൃത്തുക്കളുമായി കത്തിടപാടുകൾ നടത്തൽ. | | | | |
| ഇംഗ്ലീഷ് കോർണർ | വായനാ പരിപോഷണം. | ആഴ്ചയിൽ ഒന്ന് | ക്ലാസ് ടീച്ചർ | രക്ഷിതാക്കൾ |
| കുട്ടികളുടെ നിലവാരത്തിനനുസരിച്ച പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് വായനാ മൂല ഒരുക്കൽ, വായനാവേള നടത്തൽ, വായനാകുറിപ്പ് - | | | | |

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| പുസ്തക പരിചയം. | | | | |
| ഇംഗ്ലീഷ് ഫെസ്റ്റ് | ഇംഗ്ലീഷ് നന്നായി പറയുവാനും എഴുതുവാനും കഴിയുന്ന നിലവാരത്തിലെത്തിക്കൽ (ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിൽ ആത്മവിശ്വാസം ഉണ്ടാക്കൽ). | വർഷത്തിലൊന്ന് (അവധിക്കാലം) | SRG, SMC, ക്ലാസ് ടീച്ചർ | PTA ഫണ്ട് |
| വായനാ മത്സരം, രചനാ മത്സരം, മറ്റു സർഗാത്മക പ്രവർത്തനങ്ങളുടെ അവതരണം. | | | | |

3. കളിക്കാം... ഗണിക്കാം... (ഗണിത പഠനം)

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ- നടപ്പാക്കൽ | ഗണിത പഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ). | വർഷം മുഴുവൻ | SRG, ക്ലാസ് ടീച്ചർ | |
| മൂല്യനിർണയം (കളിയിലൂടെ പഠനം, ഡൈസ് കളി, സങ്കലനം- വ്യവകലനം, കച്ചവടക്കളി). | | | | |
| ഒറിഗാമിയിലൂടെ പഠിക്കാം.. | ഗണിത ശാസ്ത്ര പഠനം രസകരമാക്കൽ- ചലന ശേഷി വികാസം. | വർഷത്തിലൊരിക്കൽ (അനുയോജ്യമായ സമയത്ത്) | ക്ലാസ് ടീച്ചർ | PTA |
| ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം, പ്രദർശനം. | | | | |
| ഗണിത ലാബ് | ഗണിത പഠനം സുതാര്യമാക്കൽ, ഗണിത ലാബ് ഉപയോഗപ്പെടുത്തൽ. | വർഷം മുഴുവൻ | HM, SRG, ക്ലാസ് ടീച്ചർ | PTA |
| ഗണിതച്ചുമർ | ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ. | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | PTA |
| ഗണിത ചുമരുകൾ- പഠനത്തിന് ഉപയോഗപ്പെടുത്തൽ. | | | | |
| ഗണിത | പഠനോപകരണങ്ങളുടെ | ആവശ്യാനുസരണം | SRG, ക്ലാസ് ടീച്ചർ | PTA |

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| പഠനോപകരണ ശില്പശാല | ലൂടെ ഗണിത പഠനം രസകരമാക്കൽ. | | | |
| പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം, പ്രദർശനം. | | | | |
| ഗണിതമേള | ഗണിത ശേഷികളുടെ പ്രകടനം. | വർഷത്തിലൊന്ന് | SRG, ക്ലാസ് ടീച്ചർ | PTA |
| പ്രശ്നോത്തരി, പസിൽ, പാറ്റേൺ, പഠന ഉൽപ്പന്നങ്ങളുടെ പ്രദർശനം. | | | | |

4. അറിയാം... അടുത്തറിയാം... {പരിസര പഠനം}

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| പ്രകൃതി നടത്തം | നിരീക്ഷണം-അറിവ് നിർമ്മാണം. | ആവശ്യാനുസരണം | HM, CPTA | PTA |
| പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ. | | | | |
| ശാസ്ത്രമേള | ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ. | വർഷം മുഴുവൻ | HM, SRG, ക്ലാസ് ടീച്ചർ | PTA, SSA |
| ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ, പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ. | | | | |
| ശാസ്ത്രയാത്ര | ശാസ്ത്ര പഠനത്തിൽ താൽപര്യം ജനിപ്പിക്കൽ- അന്വേഷണ ത്വര വളർത്തൽ. | ആവശ്യാനുസരണം | HM, SRG, CPTA, ക്ലാസ് ടീച്ചർ | PTA, രക്ഷിതാക്കൾ |
| വാന നിരീക്ഷണ കേന്ദ്രം, സയൻസ് പാർക്ക്, ശാസ്ത്ര മെഡിക്കൽ പ്രദർശനങ്ങൾ, ഫാക്ടറികൾ തുടങ്ങിയവ സന്ദർശിക്കൽ. | | | | |
| ഭൂപടമറിയാം | ഭൂപട വായന, ഭൂപട രചന, സൂചിക | വർഷത്തിലൊന്ന് | SRG, ക്ലാസ് ടീച്ചർ | PTA |

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| | പരിചയപ്പെടൽ, സൂചികാ നിർമ്മാണം, ചിഹ്നങ്ങൾ ഉപയോഗിക്കൽ. | | | |
| കേരളം - ഇന്ത്യ- ഭൂപട വായന. | | | | |
| ശാസ്ത്ര വിസ്മയ പുസ്തകം | ശാസ്ത്ര പഠനം രസകരമാക്കൽ. | ആവശ്യാനുസരണം | SRG, ക്ലാസ് ടീച്ചർ | PTA |
| ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ. | | | | |
| ശാസ്ത്രോത്സവം | ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം. | വർഷത്തിലൊരിക്കൽ | HM, SRG, ക്ലാസ് ടീച്ചർ | PTA |
| പഠന ഉൽപ്പന്നങ്ങളുടെ പ്രദർശനം (പതിപ്പ്, ചാർട്ട്, ആൽബം, പഠനോപകരണം, പരീക്ഷണം). | | | | |
| ശാസ്ത്രമാസിക | അറിവുകളുടെ ശേഖരം. | വർഷത്തിലൊന്ന് | HM, SRG, ക്ലാസ് ടീച്ചർ | PTA |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ ശാസ്ത്ര മാസികകളുടെ നിർമ്മാണം. | | | | |

5. അറിവിന്റെ പടവുകൾ (അറബി ഭാഷാ പഠനം)

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ് | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|---|
| തെറ്റ് കൂടാതെ വായിക്കുവാനുള്ള കഴിവുണ്ടാക്കുന്നു. | അക്ഷരവായന, ക്ലാസ് വായന, ലൈബ്രറി വായന, ചിത്ര വായന, മാഗസിൻ വായന, വീട്ടുവായന, കഥാ വായന, വായനാമത്സരങ്ങൾ, മോണിറ്ററിംഗ്. | I-IV | ജൂൺ-മാർച്ച് | അധ്യാപകർ | അധ്യാപകർ, PTA, SRG |
| ഭാഷ സംസാരിക്കുന്നതിന് ആത്മവിശ്വാസം ഉണ്ടാക്കുന്നതിന് | വാക്യങ്ങൾ ഉണ്ടാക്കൽ, സംഭാഷണങ്ങൾ, ഈ-ടെക്സ്റ്റ് ഉപയോഗിച്ച് അതിലുള്ള | I-IV | ജൂൺ-മാർച്ച് | അധ്യാപകർ | അധ്യാപകർ, PTA |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ് | കാലയളവ് | പങ്കാളികൾ | സാമ്പത്തികം |
|---|---|---|---|---|---|
| | സംഭാഷണങ്ങൾ കേൾപ്പിക്കുന്നു, ലാംഗ്വേജ് ഗെയിംസ്, ടാൾ റ്റു ക്ലാസ് സംഭാഷണം, കാർട്ടൂൺ പ്രദർശനം. | | | | |
| പദസമ്പത്ത് വർദ്ധിപ്പിക്കൽ, ഗ്രാമറ്റൈസേഷൻ. | | | ഫെബ്രുവരി | | |
| അറബി ഭാഷാ എഴുത്തിന്റെ പരിപോഷണം | അക്ഷരങ്ങൾ ഉറപ്പിക്കൽ, പദങ്ങൾ ഉറപ്പിക്കൽ, ചിഹ്നങ്ങൾ ഉറപ്പിക്കൽ, കൂട്ടി എഴുത്ത്, അക്ഷരക്കാർഡ് നിർമ്മാണം, കൈയെഴുത്ത് മാസിക, ചുമർ പത്രിക നിർമ്മാണം, ചാർട്ടെഴുത്ത്, ചിത്രകഥ നിർമ്മിക്കൽ. | I-IV | ജൂൺ-മാർച്ച് | അധ്യാപകർ | അധ്യാപകർ, PTA |
| Translation: Malayalam to Arabic, Arabic to Malayalam, Arabic to English, English to Arabic. | | II-IV | ജൂൺ-മാർച്ച് | | |

# യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ഭാഷയുടെ അടിസ്ഥാന ശേഷി വികസനം. ആശയ വിനിമയം നടത്താനും പദ സമ്പത്ത് വർദ്ധിപ്പിക്കാനും പഠിതാക്കളെ പ്രാപ്തരാക്കുക. | **എന്റെ അവധിക്കാലം**<br>പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാര രൂപങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവ കുറിപ്പ്) അവതരിപ്പിക്കുന്നു. | ജൂൺ | മലയാളം അധ്യാപകർ | |
| | **ഭാഷാ കേളി**<br>അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി, ആസ്വാദന ശേഷി വളർത്തുന്നു.<br>ഒരു ആശയവുമായി ബന്ധപ്പെട്ട നിരവധി പദങ്ങളുടെ ശേഖരണം. | ജൂൺ | മലയാളം അധ്യാപകർ | |

| | | | | |
|---|---|---|---|---|
| | വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്<br>അക്ഷരങ്ങളും ചിത്രങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം. | ജൂൺ | മലയാളം അധ്യാപകർ | |
| 9) പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പു വരുത്തുക. | വർണ്ണാലോകത്തേക്ക്<br>പത്രം, ആഴ്ചപ്പതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുക. | എല്ലാദിവസവും | മലയാളം അധ്യാപകർ | |
| | വർണ്ണവായന<br>ക്ലാസ്സ്തല വായന മത്സരത്തിൽ തിരഞ്ഞെടുത്ത കുട്ടികൾക്ക് സ്കൂൾ അസംബ്ലിയിൽ അവസരം നൽകുന്നു. | പ്രതിവാരം | മലയാളം ക്ലബ്ബ്<br>മലയാളം അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | പത്രക്വിസ്<br>ഓരോ ദിവസത്തേയും പത്രവാർത്തകളുമായി ബന്ധപ്പെട്ട ഒരു ചോദ്യം ചോദിക്കുന്നു. ഉത്തരം കുട്ടികൾ എഴുതി ബോക്സിൽ നിക്ഷേപിക്കാം. ഓരോ ദിവസവും തിരഞ്ഞെടുക്കപ്പെടുന്ന ശരിയുത്തരക്കാരന് അഭിനന്ദിക്കുന്നു. | പ്രതിദിനം | മലയാളം അധ്യാപകർ | |
| | മാസാവസാനം ക്വിസ് മത്സരം | പ്രതിമാസം | മലയാളം അധ്യാപകർ | |
| 3) സാഹിത്യകൃതികളോടും സാഹിത്യകാരന്മാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗശേഷി വളർത്തൽ. | സംവാദം / മുഖാമുഖം<br>സാഹിത്യകാരന്മാർ, എഴുത്തുകാർ കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സന്ദർശനവും സംവാദങ്ങളും സംഘടിപ്പിക്കുന്നു. | വർഷത്തിൽ രണ്ട് പ്രാവശ്യം | ഹെഡ്മാസ്റ്റർ മലയാളം അധ്യാപകർ | പി.ടി.എ |

| | | | | |
|---|---|---|---|---|
| 4) പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | കലാവിദ്യാഭ്യാസം<br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ദൃശ്യവിരുന്നുകൾ, ചെറുനാടകങ്ങൾ റീഡിംഗ് തിയേറ്റർ തുടങ്ങിയവ ക്ലാസ് മുറികളിലും തുടർന്ന് സ്കൂൾ അസംബ്ലിയിലും അവതരിപ്പിക്കാൻ അവസരം നൽകുന്നു.<br>വിദഗ്ദ്ധരായ നാടക പ്രവർത്തകരെയും മറ്റ് കലാകാരൻമാരെയും പങ്കെടുപ്പിച്ചു കൊണ്ട് ശില്പശാലകളും നടത്തുന്നു. | അക്കാദമിക വർഷം | മലയാളം അധ്യാപകർ പി.ടി.എ സ്കൂൾ | പി.ടി.എ |

# ACADEMIC MASTER PLAN - ENGLISH 2025-26 UP

| Objectives | Activities | Time | Task | Financial analysis |
|---|---|---|---|---|
| 1 Encouraging Communication skill | Meet the foreigner. Providing opportunities to communicate with native speakers. | Once in a year. | English teachers. | |
| | One Man Show. Encouraging one-act plays in English by providing ideas. | October | English teachers. | |
| Practising imaginative reading | I Too Can!! Arrange various reading cards at different levels. Provide opportunity to read without mistakes. [simple — complex] | July | English teachers. | |

| | | | | |
|---|---|---|---|---|
| | **Leaning Ladder** Children are given opportunity to write a few words in the chart from the lesson and read them from the mirror. Those who correctly find all the words will be able to climb the ladder and receive a hidden prize. | September | English teachers. | |
| | **Reader of the Month** Honouring the reader of the month by giving them the opportunity to read an English daily newspaper | Monthly | English teachers. | |
| Enables the learners to write English without mistakes. | **My Droplets** Preparing a class magazine featuring childrens's art work | End of the year. | English teachers. | |

| | | | | |
|---|---|---|---|---|
| | **Alert Zone** Sign boards, posters and notices are displayed in the school environment and classrooms. | Observance of days. | English teachers. | |
| | **Run Baby Run** Dividing the class into groups. Reads the words displayed on the chart once and then writes them onto another chart without errors. The groups that first writes the words without mistakes is declared the winner. | February | English teachers. | |
| | **Fun time Funda** Provide opportunity to prepare riddles, tricky questions and jokes and present them in the class. | All English periods. | English teachers. | |

| | | | | | |
|---|---|---|---|---|---|
| 4 | Boost confidence in English language. | The Grand Camp<br>An English camp is held by creating an English environment by involving English-speaking parents and other individuals in the community<br>Providing opportunity for children in grades 5, 6 and 7 to come forward with a variety of programmes<br>Story telling and story writing for class 5<br>Role-play and drama for class 6<br>Poem and speech for class 7.<br>Documentation / film show at the end of the camp | End of the year. | English teachers, PTA members and Parents. | |

# Academic Master Plan 2025-26

## HINDI

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല. |
|---|---|---|---|
| 1) 5,6,7 ക്ലാസ് അക്ഷര ബോധം ഉറപ്പിക്കൽ. ഹിന്ദി 5-ാം തരം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷരങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക. | പുതിയ പദങ്ങൾ, വാക്യങ്ങൾ ചേർത്ത് അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ തിരിച്ചറിഞ്ഞു പഠിപ്പിക്കുക. ചിത്രങ്ങൾ, അക്ഷരമാല ചാർട്ട്, അക്ഷര രചന കാർഡുകൾ എന്നിവ. | ജൂൺ മാസം മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ |
| 2) ഹിന്ദി വായന: എല്ലാ കുട്ടികളെയും ഹിന്ദി വായിക്കാനുള്ള പരിശീലനം നടത്തുക. | നിരന്തരം പുസ്തകം വായിച്ച് കേൾപ്പിക്കുക. വായനയിലേക്ക് ആകർഷിപ്പിക്കും വിധം ചെറു ഹിന്ദി പുസ്തകങ്ങളും കുട്ടിക്കവിതകളും സി.ഡി.യിലും നേരിട്ടും വായിക്കാനായി നൽകുക. | ജൂൺ മുതൽ ഫെബ്രുവരി വരെ. | ഹിന്ദി അധ്യാപകർ |
| 3) ഹിന്ദി സംഭാഷണം: ഹിന്ദിയിൽ സംസാരിക്കാനുള്ള കഴിവുണ്ടാക്കി എടുക്കുക. നിത്യജീവിതത്തിൽ ആവശ്യം വരുന്നത് ഹിന്ദിയിൽ സംസാരിക്കാനുള്ള ശേഷി പരിചയപ്പെടുത്തുക. | ഹിന്ദി ക്ലാസുകളിൽ കൂടുതലും കുട്ടികളുമായി ഹിന്ദിയിൽ ആശയവിനിമയം നടത്തുക. കുട്ടികളുടെ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ആശയ വിനിമയം നടത്താൻ പ്രോത്സാഹനം നൽകുക. ഹിന്ദി നിത്യജീവിതത്തിന്റെ ഭാഗമാക്കുക. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല |
|---|---|---|---|
| 4) ഹിന്ദി ക്ലബ് രൂപീകരണം. | ഓരോ ക്ലാസുകളിൽ നിന്നും (5,6,7) ഹിന്ദി ക്ലബ്ബിലേക്ക് കുട്ടികളെ തിരഞ്ഞെടുത്ത് ഈ അധ്യയന വർഷത്തെ ഹിന്ദിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്താൻ സജ്ജരാക്കുന്നു. | ജൂൺ - 19 - 25. | ഹിന്ദി അധ്യാപകർ |
| 5) ലഹരി ഉപയോഗത്തിനെതിരെ പ്രവർത്തിക്കാൻ കുട്ടികളെ തയ്യാറാക്കുന്നു. | ലഹരി വിരുദ്ധ ദിനാചരണം, ലഹരി ഉപയോഗത്തിനെതിരെ അവബോധം സൃഷ്ടിക്കാൻ പോസ്റ്റർ നിർമ്മാണം | ജൂൺ - 26. | ഹിന്ദി ക്ലബ്, ഹിന്ദി അധ്യാപകർ |
| 6) പ്രേംചന്ദ് ജയന്തി. | പ്രേംചന്ദിനെ കുറിച്ച് കുട്ടികൾക്ക് പരിചയപ്പെടുത്തുന്നു, ക്വിസ് മത്സരം സംഘടിപ്പിക്കുന്നു. | ജൂലൈ - 31 | ഹിന്ദി അധ്യാപകർ |
| 7) ഹിന്ദി ഭാഷയുടെ പ്രാധാന്യവും അറിയുവാനും അവസരമൊരുക്കാൻ സഹായിക്കുന്നു. | ഹിന്ദി ദിനാചരണം. ഹിന്ദി അസംബ്ലി നടത്തുന്നു. ഹിന്ദി കൈയ്യെഴുത്തു പതിപ്പ് തയ്യാറാക്കുന്നു. | സെപ്റ്റംബർ - 14 | ഹിന്ദി അധ്യാപകർ |
| 8) സ്കൂൾ പരിസരം ശുചിയാക്കുന്നു | ഗാന്ധി ജയന്തി ദിനാചരണം | ഒക്ടോബർ - 2 | ഹിന്ദി അധ്യാപകർ, ക്ലാസ് അധ്യാപകർ, മറ്റ് അധ്യാപകർ, PTA, MTA പ്രതിനിധികൾ. |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല |
|---|---|---|---|
| 1) ജവഹർലാൽ നെഹ്റു. (ചാച്ചാജി) യെക്കുറിച്ച് അറിയുന്നു. ദേശസ്നേഹം വളർത്തിയെടുക്കും. പ്രസംഗങ്ങളിലൂടെയും ചിത്രരചനയിലൂടെയും കഴിവുകൾ വികസിപ്പിക്കുന്നു. | ശിശുദിനം ആഘോഷിക്കുന്നു. ചാച്ചാജിയെക്കുറിച്ച് കുട്ടികൾക്ക് കൂടുതൽ അറിയാൻ അവസരം ഉണ്ടാക്കുന്നു. ചോദ്യങ്ങൾ തയ്യാറാക്കാൻ പ്രേരിപ്പിക്കുന്നു. ചിത്ര രചനാ മത്സരം നടത്തുന്നു. | നവംബർ - 14 | ഹിന്ദി അധ്യാപകർ ഹിന്ദി ക്ലബ്ബ് |
| 2) ഹിന്ദി ഭാഷയിൽ പ്രാവീണ്യം നേടുക | വിശ്വഹിന്ദി ദിനാചരണം, പോസ്റ്റർ നിർമ്മാണം, പ്രസംഗം - ഹിന്ദി അസംബ്ലി | ജനുവരി -10 | ഹിന്ദി അധ്യാപകർ ഹിന്ദി ക്ലബ്ബ് |
| 3) ഹിന്ദി കലാമേള: ദേശീയ ബോധം വളർത്തിയെടുക്കുന്നു ഭാഷ അഭിരുചി വളർത്തിയെടുക്കാൻ സഹായിക്കുന്നു. | • ഹിന്ദി കഥ വായന • ഹിന്ദി കവിതാ പാരായണം. • ഹിന്ദി ചെറു നാടകങ്ങൾ അവതരിപ്പിക്കുന്നു. • ഹിന്ദി ഗാനങ്ങൾ വേദിയിൽ സംഘം ചേർന്ന് രൂപത്തിൽ അവതരിപ്പിക്കുന്നു. | 1 വർഷം. | ഹിന്ദി അധ്യാപകർ, ക്ലാസ് അധ്യാപകർ മറ്റ് അധ്യാപകർ, PTA, രക്ഷിതാക്കൾ ഹിന്ദി ക്ലബ്ബ് |

# അക്കാദമിക് മാസ്റ്റർപ്ലാൻ

## അറബി (2025-2026)

*GUPS AMARAMBALAM SOUTH*

**ആമുഖം:**

ഭാഷകൾ കേവലം ആശയവിനിമയത്തിനുള്ള ഉപാധികൾ മാത്രമല്ല, ഓരോ സംസ്കാരത്തിന്റെയും ചരിത്രത്തിന്റെയും അടയാളപ്പെടുത്തലുകളും ഹൃദയത്തുടിപ്പുകളും ആണ്, അറിവിന്റെയും അവസരങ്ങളുടെയും പുതിയ ലോകത്തേക്ക് അവതായനങ്ങൾ തുറക്കുന്നു..

സംബന്ധമായ സാംസ്കാരിക പൈതൃകം ഉള്ള അറബി ഭാഷ ലോകത്തിലെ ഏറ്റവും അധികം ആളുകൾ സംസാരിക്കുന്ന ഭാഷകളിൽ ഒന്നും , യു എൻ അംഗീകൃതഭാഷകളിൽ ഒന്നു കൂടിയാണ് എന്നത് അറബി ഭാഷയ്ക്ക് ഒരു നായിക കല്ല് തന്നെയാണ്, ഭാവിയിൽ നമ്മുടെ കുട്ടികൾക്ക് വലിയ സാധ്യതകളാണ് അറബി ഭാഷ തുറന്നുതരുന്നത്. ഉന്നത വിദ്യാഭ്യാസ രംഗത്തും, തൊഴിൽ രംഗത്തും ഒട്ടേറെ അവസരങ്ങൾ അവരെ കാത്തു കിടക്കുന്നു.

കേവലം ഒരു പാഠ്യ വിഷയത്തിനപ്പുറം അറബിഭാഷയെ എങ്ങനെ സജീവവും പ്രായോഗികവും ആക്കാം എന്ന് ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ വിശദീകരിക്കുന്നു, പഠനം ഒരു ഭാരമാക്കാതെ കുട്ടികളുടെ സർഗാത്മകവും സാമൂഹികവുമായ വളർച്ചയ്ക്ക് ഉതകുന്ന ഒരു മാധ്യമം ആക്കി ഇതിനെ മാറ്റാനാണ് ഞങ്ങൾ ലക്ഷ്യമിടുന്നത്.

നവീനമായ പഠന രീതികളിലൂടെയും ഡിജിറ്റൽ സാങ്കേതികവിദ്യയുടെ സഹായത്തോടെയും അറബി ഭാഷാ പഠനം കൂടുതൽ ലളിതവും രസകരവുമാക്കാം.

നമ്മുടെ കുട്ടികൾക്ക് അറബിഭാഷയെ സ്നേഹിക്കാനും അവരുടേ ദൈനംദിന ജീവിതത്തിൽ അത് ഉപയോഗിക്കാനും ഈ മാസ്റ്റർ പ്ലാൻ വഴിയൊരുക്കും.

**മിഷൻ (Mission):**

- അറബി ഭാഷയെ കേവലം ഒരു വിഷയമായി കാണാതെ വിദ്യാർത്ഥികളിൽ ഭാഷയോടുള്ള സ്നേഹവും താൽപര്യവും വളർത്തി അതിന്റെ സാംസ്കാരികവും ആശയവിനിമയപരവുമായ പ്രാധാന്യം മനസ്സിലാക്കി അടിസ്ഥാനപരമായ ഭാഷാശേഷികൾ ആയ കേൾക്കൽ(Listening), സംസാരം(Speaking), വായന(Reading), എഴുത്ത്(Writing), ആർജിക്കാൻ അവരെ പ്രാപ്തരാക്കുക
- നവീനമായ പഠനതന്ത്രങ്ങളിലൂടെയും സാങ്കേതികവിദ്യയുടെ സഹായത്തോ ടെയും വിദ്യാർത്ഥികൾക്ക് അറബി ഭാഷ ലളിതവും രസകരവുമാക്കുക.
- ദൈനംദിന ജീവിതത്തിൽ അറബി ഭാഷ ഉപയോഗിക്കാനുള്ള സാഹചര്യങ്ങൾ ഒരുക്കുകയും ഭാഷാ പഠനം ഒരു മനോഹരമായ അനുഭവമാക്കിമാറ്റുകയും ചെയ്യുക.

*പ്രധാന ലക്ഷ്യങ്ങൾ (Key Objectives):*

1. ശബ്ദജ്ഞാനം (Phonetics): അറബി അക്ഷരങ്ങളുടെ ശരിയായ ഉച്ചാരണവും ശബ്ദവും തിരിച്ചറിയാനും ഉച്ചരിക്കാനും പഠിപ്പിക്കുക

2. പദസമ്പത്ത് വികസിപ്പിക്കൽ (Vocabulary Expansion) : അടിസ്ഥാനപരമായ അറബി വാക്കുകളും ശൈലികളും പരിചയപ്പെടുത്തുകയും അവ നിത്യ ജീവിതത്തിൽ ഉപയോഗിക്കാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

3. സംഭാഷണ ശേഷി (Conversational Skills): ലളിതമായ അറബി വാക്യങ്ങളിൽ സംഭാഷണത്തിൽ ഏർപ്പെടാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുക.

4. വായനാ ശേഷി (Reading Skills) :ലളിതമായ അറബി വാക്യങ്ങളും ചെറിയ ഖണ്ഡികകളും വായിച്ച് മനസ്സിലാക്കാനുള്ള കഴിവ് വളർത്തുക.

5. എഴുത്തു ശേഷി (Writing Skills): അറബി അക്ഷരങ്ങൾ ശരിയായ എഴുതാനും വാക്കുകളും വാക്യങ്ങളും നിർമ്മിക്കാനും പഠിപ്പിക്കുക.

6. വ്യാകരണത്തിന്റെ അടിസ്ഥാനങ്ങൾ (Basic Grammar): അറബി വ്യാകരണത്തിന്റെ അടിസ്ഥാന തത്വങ്ങൾ ലളിതമായി പരിചയപ്പെടുത്തുക.

7. സാംസ്കാരിക അവബോധം (Cultural Awareness): അറബി ഭാഷയുമായി ബന്ധപ്പെട്ട

സംസ്കാരങ്ങളെയും പാരമ്പര്യങ്ങളെയും കുറിച്ച്അവബോധം നൽകുക.

| ക്രമ | പ്രവർത്തനങ്ങൾ | ചുമതല | കാലയളവ് | സാമ്പത്തികം |
|---|---|---|---|---|
| 1 | Interactive Learning: ചോദ്യോത്തരങ്ങൾ സംഭാഷണങ്ങൾ എന്നിവയിലൂടെ ഭാഷാ പഠനം സജീവമാക്കുക. | അറബി അധ്യാപകർ | എല്ലാ അറബി പിരീഡും | |
| 2 | Play-way method: ഗെയിമുകൾ , പസിലുകൾ , പാട്ടുകൾ എന്നിവ ഉപയോഗിച്ച് അറബി ഭാഷ രസകരമാക്കുക | അറബി അധ്യാപകർ | അറബി പീഡുകളിൽ | |
| 3 | Audio-visual Aids: ചിത്രങ്ങൾ വീഡിയോകൾ എന്നിവ പരമാവധി ഉപയോഗപ്പെടുത്തുക | അറബി അധ്യാപകർ | അറബി പിരിഡുകളിൽ | |
| 4 | Story telling: ലളിതമായ അറബി കഥകൾ പറഞ്ഞു കേൾപ്പിക്കുകയും വായിപ്പിക്കുകയും ചെയ്യുക | അറബി അധ്യാപകർ | അറബി പിരിഡുകളിൽ | |
| 5 | Group Activities: കുട്ടികളെ ഗ്രൂപ്പ് ആയി തിരിച്ചു പ്രവർത്തനങ്ങൾ | അറബി അധ്യാപകർ | ആഴ്ചയിൽ ഒരു പിരീഡ് | |

| | | | | |
|---|---|---|---|---|
| | ചെയ്യിക്കുക, ഇതിലൂടെ അറിയുന്ന കാര്യങ്ങൾ പരസ്പരം കൈമാറാൻ സാധിക്കുന്നു | | | |
| 6 | Communicative Approach:ഭാഷയെ ആശയവിനിമയത്തിനുള്ള ഉപാധിയായി കണ്ട് speaking skill വളർത്തുക. | അറബി അധ്യാപകർ | എല്ലാ അറബി പിരിഡും | |
| 7 | അറബിക് നിഘണ്ടു : ഓരോ ദിവസവും ഓരോ അറബി പദവും അതിൻറെ അർത്ഥവും പഠിക്കുക. | അറബി അധ്യാപകർ | അറബി പിരിഡുകളിൽ | |
| 8 | ദിനാചരണങ്ങൾ നടത്തുക : അറബിക് ക്ലബ്ബിൻറെ ആഭിമുഖ്യത്തിൽ അറബിക് ക്വിസ്സ്, പദനിർമാണം, പതപ്പയറ്റ് പോലെയുള്ള മത്സരങ്ങൾ സംഘടിപ്പിക്കുക. | അധ്യാപകർ | ദിനാചരണങ്ങളിൽ | |
| 9 | Arabic day celebration: അറബിക് ദിനാഘോഷത്തിന്റെ ഭാഗമായി സ്കൂളിൽ അറബിക് അസംബ്ലി സംഘടിപ്പിക്കുക, അറബിക് ക്വിസ്,അറബിക് കാലിഗ്രാഫി പോലെയുള്ള വൈവിധ്യമാർന്ന മത്സരങ്ങൾ സംഘടിപ്പിക്കുക. | അധ്യാപകർ | ഡിസംബർ | |
| 10 | Arabic Magazine: അറബിക് ക്ലബ്ബിൻറെ ആഭിമുഖ്യത്തിൽ കുട്ടികളുടെ സൃഷ്ടികൾ ഉൾപ്പെടുത്തി ഒരു | അറബി അധ്യാപകർ | വർഷാവസാനം | |

| | | | | |
|---|---|---|---|---|
| | അറബിക് മാഗസിൻ തയ്യാറാക്കുക. | | | |

മൂല്യനിർണയം(Assessment):

- തുടർച്ചയായ മൂല്യനിർണയം(Continuous Assessment): ക്ലാസ് റൂം പ്രവർത്തനങ്ങൾ, പങ്കാളിത്തം, നോട്ട്ബുക്ക് പരിശോധന എന്നിവയിലൂടെ നിരന്തരമായ വിലയിരുത്തൽ.
- ഫോർമാറ്റീവ് മൂല്യനിർണയം(Formative Assessment): ക്വിസ്സുകൾ, ക്ലാസ് ടെസ്റ്റുകൾ,ചോദ്യോത്തര വേളകൾ എന്നിവയിലൂടെ പഠന പുരോഗതി വിലയിരുത്തുക.
- സമ്മേറ്റീവ് മൂല്യനിർണയം(Summative Assessment): വാർഷിക പരീക്ഷകളിലൂടെയും പ്രധാന ടെസ്റ്റുകളിലൂടെയും അന്തിമ പഠന നേട്ടം വിലയിരുത്തുക.
- നാല് ഭാഷ ശേഷികൾ (LSRW) കേൾക്കൽ, സംസാരം , വായന , എഴുത്ത് എന്നിവ തുല്യ പ്രാധാന്യത്തോടെ വിലയിരുത്തൽ നടത്തുക.

RISHANA.M

GUPS AMARAMBALAM SOUTH

## UP - അടിസ്ഥാനശാസ്ത്രം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ. | കാലം | ചുമതല | സാമ്പത്തിക വിശദാംശം |
|---|---|---|---|---|
| 1 ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | ഔഷധത്തോട്ടം, പച്ചക്കറിത്തോട്ടം ശലഭോദ്യാനം - നിർമാണം | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, സയൻസ്, പരിസ്ഥിതി ക്ലബ്ബ്. | പിടിഎ |
| | ഞങ്ങളറിയാനൊരുങ്ങുന്നു: വിവിധതരം സൂക്ഷ്മജീവികൾ, കോശങ്ങൾ നിരീക്ഷണം... | ജൂൺ മുതൽ | ശാസ്ത്രാധ്യാപകർ | രക്ഷിതാക്കൾ, |
| | പരീക്ഷണങ്ങൾ<br>നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്രതത്ത്വങ്ങൾ മനസ്സിലാക്കുന്നു. പരീക്ഷണ കിറ്റുകൾ നിർമിക്കുന്നു. ശാസ്ത്ര പരീക്ഷണ- [illegible] ഉൾപ്പെടുത്തി മേള നടത്തുന്നു. | ജൂൺ മുതൽ | ശാസ്ത്രാധ്യാപകർ, ശാസ്ത്ര ക്ലബ്ബ് | |

അക്കാദമിക മാസ്റ്റർ പ്ലാൻ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 2. ശാസ്ത്ര പ്രക്രിയാ ശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർധിപ്പിക്കുക. | ആധുനിക ശാസ്ത്ര ലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾ തല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | സയൻസ് ക്ലബ്ബ് |
| | ആരോഗ്യ ക്ലബ്ബ്, സയൻസ് ക്ലബ്ബ് ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, സയൻസ് ക്ലബ്ബ്, ആരോഗ്യ ക്ലബ്ബ് | സയൻസ് ക്ലബ്ബ് |

| ഉദ്ദേശ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര പ്രതിഭകളെ വികസിപ്പിക്കുക. | ശാസ്ത്ര വിസ്മയ ചുമർ<br>ശാസ്ത്ര പാഠങ്ങളുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിലും നിർമ്മിക്കാം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| | അഭിമുഖങ്ങൾ<br>ശാസ്ത്രരംഗത്തെ പ്രമുഖരായ വ്യക്തികളുമായുള്ള അഭിമുഖം | അക്കാദമിക വർഷം | സയൻസ് ക്ലബ്, ശാസ്ത്രാധ്യാപകർ | പി.ടി.എ സഹായത്തോടെ |
| | [illegible]<br>കുട്ടികളിൽ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതിനായി ക്ലാസുകളിൽ ശാസ്ത്ര മൂലകൾ ഉണ്ടാക്കുന്നതിന് ശാസ്ത്ര മൂലകൾ | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | രീതി | ഉപാധി | പ്രതീക്ഷിത വിലയിരുത്തൽ |
|---|---|---|---|---|
| 3. അന്താരാഷ്ട്ര ശാസ്ത്ര ആശയങ്ങൾ അറിവിനെ ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളു-മായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക. | വിശദമായ രീതി ICT യുടെ സഹായത്തോടെ ശാസ്ത്ര വിവരങ്ങൾ കുട്ടിക-ളിലേക്ക് എത്തിക്കുന്നു. ശാസ്ത്ര-പുതിയ കണ്ടെത്തലുകൾ, ശാസ്ത്ര-സത്യങ്ങൾ, ശാസ്ത്രജ്ഞന്മാരുടെ ജീവ ചരിത്രങ്ങൾ, പാഠഭാ-ഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വിനിമയം പ്രദർശനം. | അന്വേഷണാ-ത്മകം | ശാസ്ത്രോപ-കരണം | സയൻസ് ക്ലബ് |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## UP → സോഷ്യൽ സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാന തല അറിവുകൾ പരിപോഷിപ്പിക്കുന്നതിന്. | കളിയിൽ നിന്ന് കാര്യത്തിലേക്ക് സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാന തല അറിവ് പരിപോഷിപ്പിക്കുന്നതിന് ഉപാധികൾ നൽകുന്നു. | അക്കാദമിക വർഷാരംഭം ജൂൺ | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 2. പഠിതാക്കളുടെ ചരിത്രാവബോധം ഉണർവാക്കി മാറ്റിയെടുക്കുക. | Virtual Field Trip. ICT സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 3. ജനാധിപത്യപരമായ ജീവിതശൈലിയും രൂപപ്പെടുത്തിയെടുക്കുക, പൗരബോധം, മൂല്യബോധം ഇവ വളർത്തുക. | [illegible] സ്കൂൾ പാർലമെന്റ്, മോക്ക് പാർലമെന്റ്, പൗരബോധം, സാമൂഹ്യബോധം ഇവയ്ക്കായുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷത്തിലെ പ്രത്യേക സന്ദർഭങ്ങളും ദിനങ്ങളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | സ്കൂൾ കുട്ടികൾ PTA. |
| 4. ഭൂപടവായന കുട്ടികളിൽ വളർത്തുക, സ്ഥലനിർണ്ണയം നടത്താൻ പഠിക്കുക എന്ന ലക്ഷ്യം സാക്ഷാത്കരിക്കുക. | ഭൂപടവായന പ്രോത്സാഹിപ്പിക്കുന്ന പ്രവർത്തനങ്ങൾ കാഴ്ച വെയ്ക്കുക. Atlas, Map, Globe എന്നിവ പരിചിതമാക്കുക. | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ. | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിഭവം |
|---|---|---|---|---|
| 5. സഹജീവികളോട് സഹതാപം വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുക. | നന്മയുടെ നുറുങ്ങുവെട്ടം. പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങളിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾ ക്കനിവോടെ സമ്പർക്കിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സഹായം ചെയ്യാൻ അവസരം നൽകുന്നു. വിദ്യാലയത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധനസാമഗ്രികൾ ദുരന്തബാധിത പ്രദേശങ്ങൾക്ക് ആശ്വാസമാവുക ആകുന്നു. | അക്കാദമിക വർഷം. | സാമൂഹ്യശാസ്ത്ര അധ്യാപകർ | പി. ടി. എ. |
| 6. വിവരസാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ഇതിനാൽ പ്രവർത്തനങ്ങളെക്കുറിച്ചും സൈബർ സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുക. | സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 7. സാമൂഹ്യശാസ്ത്രത്തിലൂടെ കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതുവിജ്ഞാനം വളർത്തുന്നു. | സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാന മേഖല പരിപോഷിപ്പിക്കുന്നതിനുള്ള ക്വിസ്സ്, ദിനാചരണങ്ങൾ പ്രശ്നോത്തരി, സംവാദം എന്നിവയെക്കുറിച്ച് വ്യക്തമായ ധാരണ നൽകുക. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര ക്ലബ്ബ്. | |

# യു.പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തിക വിശദാംശം |
|---|---|---|---|---|
| 1) അടിസ്ഥാന ഗണിത ശേഷികൾ എല്ലാ പഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. | ഗണിത ശിൽപശാല<br>കളി രീതിയിലൂടെ അടിസ്ഥാന ശേഷികൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. [നമ്പർ കാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ, ഫ്ളാഷ് കാർഡ് ----- ഉപയോഗിക്കുന്നു.] | ജൂൺ മാസം | ഗണിത അദ്ധ്യാപകർ | |
| 2) രസകരമായി ഗണിത പഠനം. | ഒറിഗാമി ശിൽപശാല<br>ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |
| 3) ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ ലാബിൽ വെച്ച് ഗണിത ക്ലാസ് നടത്തൽ | ആവശ്യാനുസരണം | ഗണിത അദ്ധ്യാപകരും ഗണിത ക്ലബിലെ അംഗങ്ങളും | ഗണിത ക്ലബ്, PTA |
| 4) ഗണിതം മധുരമാക്കൽ | ഗണിത പാർക്ക്<br>ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ | ഒരു പ്രാവശ്യം | ഗണിത ക്ലബ് | PTA |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5) ഗണിത മേഖലയിൽ കുട്ടികളുടെ താൽപര്യം വർദ്ധിപ്പിക്കൽ | ഗണിതശാസ്ത്രം<br>ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ [മറ്റ് വിദ്യാലയങ്ങളിലും മറ്റ് മേഖലകളിലും പ്രവർത്തിക്കുന്നവർ] പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താൽപര്യമുണ്ടാക്കുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. | വർഷത്തിൽ അഞ്ചോ ആറോ തവണ | ഗണിത അധ്യാപകർ, ക്ലബ്ബ് ലീഡർമാർ | PTA |
| 6) ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | ഐ.ടി സാധ്യതകളിലൂടെ<br>ജ്യാമിതീയ രൂപങ്ങൾ, ചതുഷ്കോണങ്ങൾ, ടാൻഗ്രാം ഇതു പോലുള്ള പ്രവർത്തനങ്ങൾ ഐ.ടി സാധ്യതകൾ ഉപയോഗപ്പെടുത്തി കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |
| 7) ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിൽ എത്തിക്കുന്നു. | ഗണിത ക്ലിനിക്ക്<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പീരിഡ് | ഗണിത അധ്യാപകരും സമർത്ഥരായ കുട്ടികളും | |
| 8) വിവിധ ശേഷികളുടെ വികസനം | ദിനാചരണം<br>ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRGയിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | SRG | |